# നാളികേര വില ഉയരുന്നു; കർഷകർക്ക് ഗുണമില്ല

സ്വന്തം ലേഖിക

**പാലക്കാട്:** സംസ്ഥാനത്ത് നാളികേര വില കുത്തനെ ഉയർന്നിട്ടും കർഷകന് ഗുണം ലഭിക്കുന്നില്ല . മുൻ വർഷത്തെ കടുത്ത വരൾച്ചയെത്തുടർന്ന് ഉൽപ്പാദനം ഗണ്യമായി കുറഞ്ഞതാണ് കർഷകന് തിരിച്ചടിയായത്. ഒരുകിലോ തേങ്ങക്ക് 22രൂപയാണ് വില. 20 വർഷത്തിനിടെയുണ്ടായ ഏറ്റവും ഉയർന്ന വിലയാണിത്. 2008 ൽ 16 രൂപവരെയായി ഉയർന്നിരുന്നു.

സംസ്ഥാനത്ത് കായ്ക്കുന്ന തെങ്ങുകൾ 18 കോടിയോളമാണ്. ഇക്കുറി മൊത്തം ഉൽപ്പാദനത്തിൽ 25 ശതമാനം കുറവ് രേഖപ്പെടുത്തി. പ്രധാന കേന്ദ്രമായ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ 50ശതമാനത്തോളം ഉൽപ്പാദനക്കുറവുണ്ടായി. ശബരിമലസീസണാവുന്നതോടെ ആവശ്യം വർധിക്കുമെന്നതിനാൽ വില ഇനിയും ഉയരാനാണ് സാധ്യത. കേരളത്തിൽ ജൂലൈ കഴിഞ്ഞാൽ ആറ്മാസത്തോളം ഉൽപ്പാദനം കുറയും. ജനുവരിയോടെ പൂർവസ്ഥിതിയിലാവും. ഇക്കാലയളവിൽ അന്യസംസ്ഥാനങ്ങളിലെ നാളികേരമാണ് വിപണിയിൽ എത്തിയിരുന്നത്. ഇക്കുറി ആന്ധ്ര, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലും ഉൽപ്പാദനം കുറഞ്ഞതിനാൽ കേരളവിപണിയിലേക്കുള്ള വരവ് കുറഞ്ഞു.

ഒരു തെങ്ങിൽനിന്ന് ശരാശരി പത്തുതേങ്ങപോലും ലഭിക്കുന്നില്ലെന്ന് കർഷകർ പറയുന്നു. ഒരു തെങ്ങ് കയറാൻ 30രൂപയോളം കൂലി നൽകണം. രാസവളം വില ഇരട്ടിയായി.

പത്തുവർഷത്തിനിടെ കേരളത്തിലെ നാളികേരകൃഷി മൂന്നിലൊന്നായി കുറഞ്ഞു, വില വർധിച്ചപ്പോൾ കർഷകന് ഉൽപ്പന്നമില്ലാത്ത അവസ്ഥയാണ്. നാളികേരവിലയിൽ വൻകിട വെളിച്ചെണ്ണക്കമ്പനികൾ സാധാരണ ഇടപെടാറുണ്ട്.

എന്നാൽ, ഈ സീസണിൽ അതുമുണ്ടായിട്ടില്ലെന്ന് കർഷകർ പറഞ്ഞു. പാലക്കാടിന്റെ കാലാവസ്ഥയിൽ ഒരു കിലോ തേങ്ങയിൽനിന്ന് 220ഗ്രാം കൊപ്ര മാത്രമേ ലഭിക്കൂ. എന്നാൽ, മറ്റ് ജില്ലകളിൽ ഇത് 330ഗ്രാംവരെ ലഭിക്കും. കൊപ്രയേക്കാൾ തേങ്ങ വിൽപ്പനയാണ് ലാഭമെന്നതിനാൽ പച്ചത്തേങ്ങവിപണിയാണ് കർഷകർക്ക് പ്രിയം.